(ഇ) സെക്രട്ടറിയേറ്റിൽ ഹാജർ നീരീക്ഷണ നിയന്ത്രണ സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സെക്രട്ടേറിയറ്റ് അനക്സ് കെട്ടിടത്തിൽ ഇത് നടപ്പിലാക്കണമെന്നും ക്രമേണ സെക്രട്ടേറിയറ്റിന്റെ മറ്റ്, കെട്ടിടങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നുമാണ് ഭരണപരിഷ്ക്കാരസമിതിയുടെ ശുപാർശ. അതോടൊപ്പംതന്നെ ഈ സംവിധാനം പൊതു വിദ്യാഭ്യാസഡയറക്ടർ, ആരോഗ്യ വകുപ്പു ഡയറക്ടർ എന്നിവരുടെ ആഫീസുകളിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ടറേറ്റിലും നടപ്പിലാക്കണമെന്നും ശുപാർശ നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ഈ സംവിധാനം സെക്രട്ടേറിയറ്റിന്റെ എല്ലാ കെട്ടിടങ്ങളിലും നടപ്പിലാക്കുന്നതിനോടൊപ്പം വകുപ്പുതലവൻമാരുടെയും പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കമുള്ള ജില്ലാതല ഓഫീസുകളിലും നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) സർക്കാർ തീരുമാനം പൊതുവിൽ ജീവനക്കാരുടെ സംഘടനകൾ സ്വാഗതം ചെയ്തിട്ടുണ്ട്. എന്നാൽ ചില സംഘടനകൾ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ജി)& (എച്ച്) സർക്കാരിന്റെ പരിപാടികളുടെ ഭാഗമായി ക്വാർട്ടേഴ്സുകളുടെ നിർമ്മാണവും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. പക്ഷെ, സർക്കാർ ഓഫീസുകളിൽ ഹാജർ നില മെച്ചപ്പെടുത്തുന്നതിനുള്ള പഞ്ചിംഗ് സമ്പ്രദായവുമായി ഇതിനെ ബന്ധപ്പെടുത്താൻ സാദ്ധ്യമല്ല.

(ഐ) സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നില ഉറപ്പാക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിനും, പഞ്ചിംഗ് ഉൾപ്പെടെയുള്ള ഹാജർ നിരീക്ഷണനിയന്ത്രണ സംവിധാനം നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം

23 (*23)ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിർത്തലാക്കാൻ കേന്ദ്രഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ;

(ബി) റേഷൻ സമ്പ്രദായം നിർത്താലാക്കുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം എത്രത്തോളം ദോഷകരമാകുമെന്ന് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികളെയും ഉപഭോക്താക്കളെയും ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്ര ഗവൺമെന്റിൽനിന്നും ഔദ്യോഗിക അറിയിപ്പ് ഇതേ വരെ ലഭിച്ചിട്ടില്ല.

(ബി) പത്ര മാധ്യമങ്ങളിലൂടെയും മറ്റും അറിഞ്ഞതനുസരിച്ച് നിലവിലുള്ള റേഷൻ സമ്പ്രദായംതന്നെ തുടരണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന ഭക്ഷ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യവകുപ്പ് സെക്രട്ടറിയുമായും സംസ്ഥാന ഭക്ഷ്യമന്ത്രി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള റേഷൻ സമ്പ്രദായം തുടരണമെന്നതാണ് കേരള സർക്കാരിന്റെ ആവശ്യം. സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിപരീതമായ തീരുമാനം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികളെടുത്തുവരികയാണ്.

## ലെവി പഞ്ചസാര നിർത്തലാക്കുന്ന നടപടി

24 (*24) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവി പഞ്ചസാര നിർത്തലാക്കുവാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രം സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്താലാക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ, സംസ്ഥാന സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ലെവി പഞ്ചസാര നിറുത്തലാക്കുകയാണെങ്കിൽ സംസ്ഥാനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) എഫ്.സി.ഐ. ഗോഡൗണുകൾ സംസ്ഥാനങ്ങൾക്ക് വിട്ടു കൊടുക്കുവാനുള്ള നീക്കത്തെപ്പറ്റി മറ്റു സംസ്ഥാന സർക്കാരുകളുമായി ചർച്ച നടത്തുവാൻ ഉദ്ദേശമുണ്ടോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി)മഹാജൻ കമ്മിറ്റി ലെവി പഞ്ചസാര നിർത്തലാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കിയാൽ ഉണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly